'115748/2023

**<u>വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

(ഹാജർ. പ്രിയങ്ക.ജി.ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. വനിതാ-ശിശുവികസന ഡയറക്ടറുടെ 17/09/2020 തീയതിയിലെ WCD/E8/6808/20 നമ്പർ ഉത്തരവ്
2. വനിതാ ശിശുവികസന ഡയറക്ടറുടെ 08/09/2023 തീയതിയിലെ DWCD/1942/2022-E9 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം.DWCD/2313/2022-E7 തീയതി: 14-09-2023</u>**

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം(2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. പരാമർശം(1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം (53) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാർക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സീനിയിരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ശ്രീ.ബോണികുര്യാക്കോസിന് (ക്രമ നം.54) ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹനായ മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരന് KS&SSR ചട്ടം 28A(i) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ജൂനിയർ സൂപ്രണ്ട്- ഉദ്യോഗക്കയറ്റം</u>**

| ക്രമനം | പേര്,തസ്തിക,ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.ബോണികുര്യാക്കോസ്<br>ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് കുവപ്പടി | ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് കാസർഗോഡ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിട്ടുതൽ ചെയ്യേണ്ടതും, ജീവനക്കാരന്റെ വിട്ടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാരന്

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3 സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4 സ്റ്റോക്ക്ഫയൽ/സ്പെയർ

'115748/2023

·igned by Priyanka G
)ate: 14-09-2023 22:49:35